**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

## <u>പ്രധാനമന്ത്രി ഗ്രാമീൺ റോഡ് വികസന പദ്ധതി</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2750 — 09-05-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപണിക്ക് കേന്ദ്രത്തിൽ നിന്നും 2016-17-ൽ സംസ്ഥാനത്തിന് പ്രത്യേക ധന സഹായം ലഭിച്ചിട്ടുണ്ടോ; | (എ) | 2016-17 സാമ്പത്തിക വർഷം 175.96 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. പ്രത്യേക അധിക ഫണ്ട് ലഭിച്ചിട്ടില്ല |
| (ബി) | പ്രധാനമന്ത്രി ഗ്രാമീൺ റോഡ് വികസന പദ്ധതി പ്രകാരം റോഡുകളുടെ വാർഷിക അറ്റകുറ്റപണി നടത്തുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്; | (ബി) | നിർമ്മാണം പൂർത്തീകരിച്ച ഗ്രാമീണ റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട കരാറുകാരനാണ്. നിർമ്മാണം പൂർത്തീകരിച്ച് 5 വർഷത്തെ അറ്റകുറ്റ പണികൾ നടത്തണമെന്ന വ്യവസ്ഥയോടെയാണ് കരാർ ഉറപ്പിക്കുന്നത്. |
| (സി) | ഗ്രാമീണ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതും, വിവരങ്ങൾ യഥാസമയം കേന്ദ്രത്തെ അറിയിക്കാത്തതും കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ ? | (സി) | 2016-ലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് രാജ്യത്തെ മൂന്നിലൊന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം ലഭിക്കുന്നത്. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം, നോട്ട് അസാധുവാക്കൽ, ജല ദൗർലഭ്യം എന്നീ കാരണങ്ങളാൽ 2016-ൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. അടുത്തവർഷം ടി ധനസഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ KSRRDA-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ